**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3090** — **10.03.2017-ൽ മറുപടിയ്ക്ക്**

## ഭവന നിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയറുടെ ശമ്പള കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച ചീഫ് എഞ്ചിനീയർക്ക് അവസാന മാസത്തെ ശമ്പളം നാളിതുവരെ കൊടുക്കാതെ പിടിച്ച് വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഭവന നിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറായി 29.04.2015 മുതൽ 28.04.2016 വരെ ശ്രീ. എ. സിറാജ്ജുദീൻ സേവനം അനുഷ്ഠിച്ചിരുന്നു. ടിയാൻ ചീഫ് എഞ്ചിനീയറായിരുന്ന കാലയളവിൽ ആലപ്പുഴ തിരുവമ്പാടി ഓഫീസ് കോംപ്ലക്സിൽ മൊബൈൽ ടവർ സ്ഥാപിച്ചതു സംബന്ധിച്ചുള്ള അക്കൗണ്ടന്റ് ജനറലിന്റെ 2015-2016-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് ടിയാന് അവസാന മാസത്തെ ശമ്പളം നൽകാതിരുന്നത്. ടിയാന് ഇപ്പോൾ അവസാന മാസത്തെ ശമ്പളം നൽകിക്കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഇതിനെതിരെ ഏതെങ്കിലും എം.എൽ.എ ചീഫ് എഞ്ചിനീയറുടെ അപേക്ഷയോടൊപ്പം ഭവനനിർമ്മാണ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുപ്രകാരം എന്തു നടപടി ഇതുവരെ സ്വീകരിച്ചു; വിശദമാക്കുമോ; | (ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. പൂഞ്ഞാർ എം.എൽ.എ ശ്രീ. പി.സി. ജോർജ്, ചീഫ് എഞ്ചിനീയറുടെ അപേക്ഷ സഹിതം കത്ത് നൽകിയിരുന്നു. ഇതു പ്രകാരം ടിയാന് നൽകുവാനുള്ള ശമ്പളം 02.03.2017-ൽ അദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| (സി) ഭവന നിർമ്മാണ വകുപ്പ് പ്രസ്തുത ചീഫ് എഞ്ചിനീയർക്ക് കൊടുക്കുവാനുള്ള അവസാന മാസത്തെ ശമ്പളത്തിലെ ടി.ഡി.എസ് വരെ മുൻകൂറായി പിടിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഭവന നിർമ്മാണ ബോർഡ് ശ്രീ. എ. സിറാജ്ജുദീന് നൽകുവാനുണ്ടായിരുന്ന അവസാന മാസത്തെ ശമ്പളത്തിൽ നിന്നും ടി.ഡി.എസ് പിടിച്ചിട്ടില്ല. |
| (ഡി) അനധികൃതമായി ശമ്പളം തടഞ്ഞുവച്ച ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസരണം നടപടികൾ സ്വീകരിക്കുമോ? | (ഡി) അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശം നിലനിൽക്കുന്നതുകൊണ്ടാണ് ശ്രീ. എ. സിറാജ്ജുദീന് ശമ്പളം നൽകാൻ കഴിയാതിരുന്നത്. ടിയാന്റെ ശമ്പളം 02.03.2017-ന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ